# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2913**      **10.03.2017-ൽ മറുപടിയ്ക്ക്**

## പി.ഡബ്ള്യൂ.ഡി റോഡുകളുടെ വശങ്ങളിലെ മരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി. ജോർജ് :** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ദീർഘ വീക്ഷണമില്ലാതെയുള്ള വികസനത്തിന്റെ പേരിൽ കേരളത്തിലെ പി.ഡബ്ള്യു.ഡി. റോഡുകളുടെ വഴിയോരങ്ങളിൽ നിൽക്കുന്ന, പതിനായിരങ്ങൾക്ക് തണലും, ആശ്വാസവും നൽകി വന്നിരുന്ന, മരങ്ങൾ ദിനം പ്രതി വെട്ടി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) കേരളത്തിലെ പി.ബ്ള്യൂ.ഡി റോഡുകളുടെ വഴിയോരങ്ങളിൽ നിൽക്കുന്ന മരങ്ങൾ, യാത്രക്കാർ ഉൾപ്പെടെയുള്ളവരുടെ ജീവനും, സ്വത്തിനും അപകടമുണ്ടാക്കുന്ന അവസരത്തിലും, റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്ക് അനിവാര്യമായ സാഹചര്യത്തിലുമാണ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുവാദത്തോടുകൂടി ആവശ്യമായ ചില മരങ്ങൾ മുറിച്ചു മാറ്റാറുള്ളത്. കഴിവതും മരങ്ങൾ മുറിച്ചു മാറ്റാതെ തന്നെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നല്കാറുണ്ട്. |
| (ബി) കേരളത്തിലെ റോഡുകളുടെ രണ്ട് വശങ്ങളിലും പ്രത്യേക പദ്ധതി മുഖാന്തിരം തണൽമരങ്ങൾ വച്ച് പിടിപ്പിച്ച് പരിപാലിയ്ക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയുടെ ഭാഗമായി വെട്ടിമാറ്റിയിട്ടുള്ള ഓരോ മരത്തിനും പകരം പത്ത് മരം എന്ന കണക്കിൽ സോഷ്യൽ ഫോറസ്ട്രി വകുപ്പുമായി ചേർന്ന് റോഡ് ഫണ്ട് ബോർഡ് മരങ്ങൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ പദ്ധതിയുടെ കൺസഷണറായ തിരുവനന്തപുരം റോഡ് ഡവലപ്പ്മെന്റ് കമ്പനി റോഡിന് ഇരു വശങ്ങളിലും മരങ്ങൾ വച്ചു പിടിപ്പിക്കുകയും അവ പരിപാലിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ